പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5718** **18.11.2019 - ൽ മറുപടിക്ക്.**

## റേഷൻ കടകളിലെ ഭക്ഷ്യധാന്യ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; എല്ലാ ജില്ലകളിലെയും റേഷൻ കടകളിൽ ഏകീകൃത രീതിയിലല്ലേ സാധനങ്ങൾ ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | **(എ)** | അരി, ഗോതമ്പ്, ആട്ട, മണ്ണെണ്ണ, പഞ്ചസാര എന്നീ സാധനങ്ങളാണ് റേഷൻ കടകൾ വഴി വിതരണം ചെയ്തു വരുന്നത്. കൂടാതെ, കുപ്പിവെള്ളവും ശബരി ഉൽപ്പന്നങ്ങളും താൽപ്പര്യമുള്ള റേഷൻ വ്യാപാരികൾ വിതരണം ചെയ്യുന്നുണ്ട്. ഏകീകൃത രീതിയിലാണ് വിതരണം ചെയ്യേണ്ടത് എങ്കിലും ജില്ലകളിലെ ഭക്ഷ്യധാന്യത്തിന്റെ ആവശ്യകത കണക്കിലെടുത്ത് വടക്കൻ ജില്ലകളിൽ പച്ചരി കൂടുതലും കുത്തരി കുറവുമാണ് വിതരണം ചെയ്യുന്നത്. തെക്കൻ ജില്ലകളിൽ കുത്തരിക്കുള്ള ആവശ്യകത കൂടുതലായതിനാൽ അപ്രകാരമുള്ള ക്രമീകരണവും പൊതുതാല്പര്യം മാനിച്ച് ചെയ്യാറുണ്ട് |
| **(ബി)** | തിരുവനന്തപുരം ജില്ലയിലെ റേഷൻ കടകളിൽ നിന്നും പുഴുക്കലരി, പച്ചരി എന്നിവ വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കുമോ; തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻ ജില്ലകളിൽ ഇപ്പോൾ ചമ്പാവരി (കുത്തരി) മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നുള്ളൂവെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | **(ബി)** | സപ്ലൈകോ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന CMR (Custom Milled Rice) അരിയുടെ (കുത്തരി) അളവ് വർദ്ധിച്ചതാണ് ഇതിനു കാരണം. പച്ചരി കൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**(സി)** നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്) വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചു വന്നിരുന്ന പത്ത് കിലോഗ്രാം റേഷൻ അരി ഇപ്പോൾ മൂന്നു കിലോഗ്രാമായി കുറച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

**(സി)** നോൺ പ്രയോറിറ്റി എന്ന വിഭാഗത്തിലായതിനാൽ, മുൻഗണനേതര വിഭാഗത്തിന് കേന്ദ്രത്തിൽ നിന്ന് അലോട്ട്മെന്റ് ലഭ്യമാകുന്നില്ല. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമാണ് നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്) വിഭാഗത്തിനും നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്) വിഭാഗത്തിനും നൽകി വരുന്നത്. ഇതിൽ നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്) വിഭാഗത്തിനുള്ള വിതരണത്തോത് മുൻ മാസത്തെ നീക്കിയിരിപ്പ കൂടി കണക്കിലെടുത്തുള്ള അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. പരമാവധി ഏകീകൃത രീതിയിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാണ് 3 കി.ഗ്രാമായി കുറയ്ക്കേണ്ടി വന്നത്.

**(ഡി)** എഫ്.സി.ഐ ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന അരിയുടെ തൂക്കവും തീയതിയും വ്യക്തമാക്കുമോ; എഫ്.സി.ഐ ഗോഡൗണിൽ അരി ലഭ്യമാണെങ്കിലും റേഷൻ കടകളിൽ ആയത് ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

**(ഡി)** എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് ദിവസവും ഭക്ഷ്യധാന്യങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വിട്ടെടുക്കുകയും, ഭക്ഷ്യ ധാന്യങ്ങൾ എത്തിച്ചേരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച പൊതുവായ ഒരു കണക്കെടുപ്പ് പ്രായോഗികമല്ല. എഫ്.സി.ഐ ഗോഡൗണുകളിൽ അരി ലഭ്യമാണെന്നിരിക്കെ ആയത് റേഷൻ കടകളിൽ ലഭ്യമല്ലാത്ത സാഹചര്യം നിലവിലില്ല.

**(ഇ)** കേരളത്തിൽ നെല്ല് സംഭരിക്കപ്പെടുന്നത് ഏതെല്ലാം ജില്ലകളിലാണ്; കേരളത്തിൽ സംഭരിക്കപ്പെടുന്ന നെല്ല് കുത്തരിയാക്കി വിതരണം ചെയ്യുന്നത് ഏതെല്ലാം ജില്ലകളിലാണ്; ഇങ്ങനെ സംഭരിക്കപ്പെടുന്ന കുത്തരിയുടെ വിഹിതത്തിന്റെ ബാക്കി മാത്രമാണോ എഫ്.സി.ഐയിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

**(ഇ)** കേരളത്തിലെ 14 ജില്ലകളിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി, കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകൾ ഒഴികെ ബാക്കി 11 ജില്ലകളിലും വിതരണത്തിനായി നൽകുന്നു. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം അനുവദിച്ചിട്ടുള്ള അരി വിഹിതത്തിൽ, സപ്ലൈകോ നെല്ല സംഭരണം മുഖേന ലഭ്യമാക്കുന്ന സി.എം.ആർ. അരി വിഹിതത്തിന്റെ ബാക്കിയാണ് എഫ്.സി.ഐ. യിൽ നിന്ന് ലഭിക്കുന്നത്.

| | | | |
|---|---|---|---|
| **(എഫ്)** | എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും ഏതെല്ലാം ജില്ലകൾക്കാണ് കഴിഞ്ഞ മൂന്നുമാസത്തോളമായി പച്ചരിയും പുഴുക്കലരിയും വിതരണം ചെയ്തത്; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | **(എഫ്)** | കഴിഞ്ഞ മൂന്നു മാസമായി പച്ചരിയും പുഴുക്കലരിയും ലഭ്യമായ ജില്ലകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(ജി)** | സംസ്ഥാനത്ത് സംഭരിക്കുന്ന കുത്തരി വടക്കൻ ജില്ലകളിൽ വിതരണം ചെയ്യേണ്ടായെന്ന തീരുമാനം നിലവിലുണ്ടോ; വിശദമാക്കുമോ; തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിലെ റേഷൻ കടകളിൽ പച്ചരിയും പുഴുക്കലരിയും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ക്രിസ്തുമസും പുതുവർഷവും ആസന്നമായിരിക്കെ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | **(ജി)** | ഇല്ല. എന്നാൽ വടക്കൻ ജില്ലകളിൽ പൊതുവെ കുത്തരിയ്ക്ക് ആവശ്യകത കുറവുള്ളതും സപ്ലൈകോയുമായി നെല്ല് സംഭരണത്തിനായി കരാറുള്ള മില്ലുകൾ എറണാകുളം, പാലക്കാട് തുടങ്ങിയ മേഖലകളിലും ചിലത് തെക്കൻ ജില്ലകളിലുമായതിനാൽ കടത്തുകൂലിയിനത്തിൽ സർക്കാരിന്റെ ബാദ്ധ്യത വർദ്ധിപ്പിക്കുമെന്നതുമാണ് വടക്കൻ ജില്ലകളിൽ സി.എം.ആർ. അരി വിതരണം ചെയ്യാത്തതിന് കാരണം.<br><br>തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ തീരദേശ മേഖലകളിലെ റേഷൻ കടകളിൽ പച്ചരിയും പുഴുക്കലരിയും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നെല്ല് സംഭരണം മുഖേന ലഭ്യമാകുന്ന അരിയുടെ അളവ് കുറയുന്നതനുസരിച്ച് പച്ചരിയും പുഴുക്കലരിയും പരമാവധി ലഭ്യമാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ജില്ല | പച്ചരിയും പുഴുക്കലരിയുമുൾപ്പടെ വിതരണം ചെയ്ത അളവ് (മെ.ടണ്ണിൽ) | | |
|---|---|---|---|
| | ആഗസ്റ്റ്-2019 | സെപ്റ്റംബർ 2019 | ഒക്ടോബർ 2019 |
| തിരുവനന്തപുരം | 2234.663 | 1719.646 | 2845.209 |
| കൊല്ലം | 1531.39 | 1438.96 | 3128.899 |
| പത്തനംതിട്ട | 708.717 | 609.465 | 841.192 |
| ആലപ്പുഴ | 1421.516 | 1012.842 | 1646.455 |
| കോട്ടയം | 1113.7 | 763.397 | 1359.009 |
| ഇടുക്കി | 1950.589 | 2196.454 | 2156.34 |
| എറണാകുളം | 1756.37 | 1496.112 | 2682.341 |
| തൃശ്ശൂർ | 2034.234 | 1836.163 | 2498.619 |
| പാലക്കാട് | 3213.624 | 4175.77 | 5901.512 |
| മലപ്പുറം | 10260.639 | 10833.853 | 10103.669 |
| കോഴിക്കോട് | 6890.704 | 7533.41 | 9291.838 |
| വയനാട് | 2952.182 | 3130.258 | 2890.737 |
| കണ്ണൂർ | 6760.171 | 6465.246 | 7153.993 |
| കാസർഗോഡ് | 3837.293 | 3454.216 | 4165.979 |
| **ആകെ** | **46665.792** | **46665.792** | **56665.792** |

സെക്ഷൻ ഓഫീസർ